## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2213

15.7..2011 ൽ
മറുപടിയ്ക്ക്

## മലൈപണ്ടാരം വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകാൻ നടപടി

ചോദ്യം

ഉത്തരം

ശ്രീ.എം.ഹംസ

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യു വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ ലക്ഷം വീട് കോളനിയിലെ മലൈപണ്ടാരം വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ ഇല്ലാത്തതിനാൽ യാതൊരു സർക്കാർ ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ യും ബിയും സിയും:<br><br>ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലെ ലക്ഷം വീട് കോളനിയിലെ എല്ലാ വീടുകൾക്കും മുമ്പ് പട്ടയം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ നിലവിൽ ഈ വീടുകളിൽ യഥാർത്ഥ ഉപഭോക്താക്കളല്ല താമസിക്കുന്നത്. ഈ വീടുകളെല്ലാം അനധികൃത കൈമാറ്റം നടത്തിയതായി കാണുന്നു. ഈ അനധികൃത ഉപഭോക്താക്കൾ എല്ലാവരും ഏറ്റവും ശോചനീയമായ അവസ്ഥയിൽ ജീവിക്കുന്ന നിർധനരായ ആളുകൾ ആയതിനാലും, മുമ്പ് അനുവദിച്ച പട്ടയങ്ങൾ തിരിച്ച് കിട്ടാത്ത വിധം നഷ്ടപ്പെട്ട് പോയതിനാലും, പ്രസ്തുത മുൻപട്ടയങ്ങൾ റദ്ദ് ചെയ്ത് നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |
| ബി) | പ്രസ്തുത കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണാധികാരികൾ ശുപാർശ നൽകി കത്തയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| സി) | ഇവർക്ക് അടിയന്തിരമായി കൈവശാവകാശ രേഖ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ